മത്സ്യത്തൊഴിലാളികൾക്ക് രണ്ട് രൂപ നിരക്കിൽ അരി നൽകാൻ നടപടി

100(1357) ശ്രീ. എ. പ്രദീപ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യ അനുബന്ധമേഖലയിൽ ജോലി ചെയ്യുന്ന തൊഴിലാളികൾ ബന്ധപ്പെട്ട രേഖകൾ ഹാജരാക്കിയിട്ടും, റേഷൻ കാർഡിൽ 'കൂലി' എന്ന് രേഖപ്പെടുത്തി എന്ന കാരണത്താൽ കോഴിക്കോട് ജില്ലയിലെ ഭക്ഷ്യ വകുപ്പ് അധികൃതർ ഇവർക്ക് രണ്ട് രൂപയുടെ അരി നിഷേധിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ രണ്ട് രൂപയ്ക്കുള്ള അരി ഇവർക്ക് ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ;

(ബി) മത്സ്യ അനുബന്ധമേഖലയിൽ ജോലി ചെയ്യുന്നവർക്ക് രണ്ട് രൂപയ്ക്ക് അരി അനുവദിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ഉത്തരം

(എ) ഇത്തരം ഒരു ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മത്സ്യാനുബന്ധ മേഖലയിൽ ജോലി ചെയ്യുന്ന തൊഴിലാളികളുടെ റേഷൻ കാർഡിൽ തൊഴിൽ കൂലി എന്ന് രേഖപ്പെടുത്തിയിട്ടുള്ളവരുടെ കാര്യത്തിൽ അർഹതപ്പെട്ട ഗുണഭോക്താക്കൾക്ക് ബന്ധപ്പെട്ട അധികൃതരിൽ നിന്നുള്ള രേഖകൾ ഹാജരാക്കുന്നതിന്റെ അടിസ്ഥാനത്തിൽ 2 രൂപ നിരക്കിൽ റേഷൻ ഭക്ഷ്യ ധാന്യങ്ങൾ വിതരണം ചെയ്യുന്ന പദ്ധതിയുടെ ആനുകൂല്യം ലഭ്യമാക്കേണ്ടതാണെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് ഇതിനകം നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) ഇതുസംബന്ധിച്ച സർക്കാർ ഉത്തരവിന്റെ പകർപ്പ് (15-2-2010-ലെ സ.ഉ.(കൈ) നമ്പർ 2/2010/ഭ.സി.സ.വ.) അനുബന്ധമായി ചേർത്തിരിക്കുന്നു.*

വയനാട് ജില്ലയിൽ പുതുതായി അനുവദിച്ച ഭക്ഷ്യ സിവിൽസപ്ലൈസ് സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ

101(1358) ശ്രീ. കെ. സി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വയനാട് ജില്ലയിൽ പുതുതായി അനുവദിച്ച ഭക്ഷ്യ സിവിൽസപ്ലൈസ് സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly